പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 132 — 30-09-2011- ൽ മറുപടിയ്ക്ക്

കാർഷിക കടാശ്വാസ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി :<br>ശ്രീ. സി. മോയിൻകുട്ടി :<br>ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. എം. ഉമ്മർ: | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാർഷിക കടാശ്വാസ പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ ;<br>ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ; | എ) & ബി) | ഓരോ സാമ്പത്തികവർഷത്തിന്റെയും അവസാനം കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച വാർഷിക റിപ്പോർട്ടും കമ്മീഷന്റെ കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ടും പരിശോധിക്കുന്നുണ്ട്. |
| സി) കാർഷിക വായ്പ എടുത്ത ശേഷം, കൃഷിനാശമുണ്ടായിട്ടുപോലും പലിശയടച്ചു കൊണ്ടിരുന്ന കർഷകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കുമോ; | സി) | ആക്റ്റ് നിലവിൽ വരുന്നതിനു മുൻപ് കുടിശ്ശികയായ കാർഷിക കടങ്ങൾക്കാണ് നിലവിൽ കടാശ്വാസ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നത്. 20.02.2009 ലെ ജി.ഒ. (എം.എസ്.) നം. 37/09/ കൃഷി ഉത്തരവ് പ്രകാരം കടാശ്വാസത്തിനുള്ള അപേക്ഷ നിർദ്ദിഷ്ട 'സി ' ഫോറത്തിൽ കമ്മീഷൻ മുൻപാകെ സമർപ്പിക്കാനുള്ള അവസാന തീയതി 31.5.2009 ആയിരുന്നു. അതിനകം ലഭിച്ച അപേക്ഷകളിൽ ആക്റ്റിന്റെ പരിധിയിൽ വരുന്ന വായ്പകളാണ് കടാശ്വാസത്തിനായി പരിഗണിക്കുന്നത്. |
| ഡി) പദ്ധതിയുടെ ന്യൂനത പരിഹരിച്ച് അർഹരായവർക്കെല്ലാം പ്രയോജനം ലഭിക്കും വിധം വ്യവസ്ഥകൾ പരിഷ്ക്കരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ